കേരളം സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെകാര്യാലയം

KSRTC ബസ് ടെർമിനൽ കോംപ്ലക്സ് (ഏഴാം നില)

തമ്പാനൂർ,തിരുവനന്തപുരം -695001

വിജ്ഞാപനം

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റന്റൻറ് തസ്തികയിലെ ഒഴിവുകളിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ചു

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റന്റൻറ് തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിലേക്കായി അപേക്ഷ ക്ഷണിക്കുന്നു .പ്രവേശന പരീക്ഷാ കമ്മീഷണർ നേരിട്ട് കൂടിക്കാഴ്ച നടത്തിയതിന് ശേഷം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് .

ഓഫീസ് അറ്റന്റൻറ് -2 ഒഴിവുകൾ (നിലവിലുള്ളത്)

ശമ്പള സ്കെയിൽ -23500-50200 (ഓഫീസ് അറ്റന്റൻറ് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാവുന്നതാണ്)

സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിൽ /സ്വയം ഭരണ സ്ഥാപനങ്ങളിൽ സമാന ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്നവർക്ക് പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്

താൽപ്പര്യമുള്ള ജീവനക്കാർ KSR 144 അനുസരിച്ചുള്ള പ്രൊഫോർമയും ബിയോഡേറ്റയും വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ നിന്നുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെ ഓഫീസ് മേലധികാരികൾ മുഖേന 2026 ഡിസംബർ 5 ന് മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം KSRTC ബസ് ടെർമിനൽ കോംപ്ലക്സ് (ഏഴാം നില),തമ്പാനൂർ,തിരുവനന്തപുരം -1 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്

തിരുവനന്തപുരം പ്രവേശന പരീക്ഷാ കമ്മീഷണർ

20 /11/2026

Digitally signed by
Asif K Yusuf
Date: 20-11-2026
15:45:24